**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 454** **03-11-2021 - ൽ മറുപടിയ്ക്ക്**

**റീബിൽഡ് കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . സണ്ണി ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തെ തുടർന്നുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | പ്രളയദുരന്തത്തെ വെല്ലുവിളിയായിക്കണ്ട് ഒരു നവകേരളം പടുത്തുയർത്തുന്നതിനും അതുവഴി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമായുള്ള പുനർനിർമാണ പ്രവർത്തനങ്ങളാണ് സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്. 2018ൽ ഉണ്ടായ പ്രളയത്തെത്തുടർന്ന്, ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്ന വിധം കരുത്തോടെയും പ്രകൃതിസൗഹൃദപരമായും കേരളത്തെ പുനർനിർമ്മിക്കുക എന്ന ലക്ഷ്യത്തോടെയാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് രൂപം നൽകിയത്. കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, പ്രവർത്തനങ്ങളിലെ കാര്യക്ഷമതയില്ലുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ പ്രവർത്തനക്ഷമമായ കേരളം സൃഷ്ടിക്കുക, പ്രകൃതിദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്നവിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും സമയബന്ധിതമായി പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക എന്നിങ്ങനെ വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാന ത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. 2018ലെ പ്രളയാനന്തരം, അന്താരാഷ്ട്ര ഏജൻസികളുടെ സഹായത്തോടെ നടത്തിയ പഠനമായ പി.ഡി.എൻ.എ. (Post Disaster Needs Assessment) യുടെ നിർദേശങ്ങൾകൂടി പരിഗണിച്ച് ആർ.കെ.ഐയുടെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ, അതിജീവനക്ഷമതയുള്ള, പരിസ്ഥിതിസൗഹൃദ മായ കേരള പുനർനിർമാണത്തിന്റെ അടിസ്ഥാന രേഖയെന്ന നിലയിൽ കേരള പുനർനിർമാണ വികസനപരിപാടി (RKDP) തയാറാക്കിയിട്ടുണ്ട്. രാജ്യാന്തര ഫണ്ടിംഗ് ഏജൻസികളിൽ നിന്ന് ഉൾപ്പെടെ ധനസമാഹരണം നടത്തി ക്കൊണ്ടാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. നടപടിക്രമങ്ങൾ ലഘൂകരിച്ച് പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച്, കഴിയുന്നതും വേഗം നിർവഹണത്തിലേക്ക് എത്തിക്കുന്നതിനുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. വികസന ആശയങ്ങൾ രൂപപ്പെടുത്തുക, നിശ്ചിത മാനദണ്ഡങ്ങൾക്കും വിലയിരുത്തലുകൾക്കും വിധേയമായി പ്രസ്തുത ആശയങ്ങളിൽനിന്നും നിർവഹണയോഗ്യമായവ തെരെഞ്ഞെടുത്ത് വിശദമായ പദ്ധതി രേഖയും സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായ നിർവഹണം ഉറപ്പാക്കുവാൻ ആകുന്ന ഏജൻസികൾ വഴി, അതതു വകുപ്പുകളുടെ നേതൃത്വത്തിൽതന്നെ നടപ്പിലാക്കുക എന്നതാണ് റീബിൽഡ് കേരള ഇനിഷ്യേറ്റിവിന്റെ നിർവഹണ സമീപനം. 12 വകുപ്പുകളിലായി 7797.14 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇവയിൽ ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ഉണ്ട്. 5271.88 കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ഇതുവരെ, 658.9 കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവർത്തനത്തിന്റെ ഭാഗമായുള്ള വിവിധ ഘടക പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | റീബിൽഡ് കേരള ഇനിഷ്യേറ്റീവിനു കീഴിൽ ഏറ്റെടുക്കാൻ തീരുമാനിച്ച പദ്ധതികളുടെ പുരോഗതി വിവിധതലങ്ങളിൽ നിരന്തരം വിലയിരുത്തുന്നുണ്ട്. ചീഫ് സെക്രട്ടറി അധ്യക്ഷനായ ആർ.കെ.ഐ. ഉന്നതാധികാര സമിതി (HLEC) പദ്ധതികളുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. സി.ഇ.ഒയുടെ നേതൃത്വത്തിൽ സെക്രട്ടറിതല യോഗം ചേർന്ന്, നിർവഹണം കാര്യക്ഷമമായും ത്വരിതഗതിയിലും നടത്തുന്നതിന് ആവശ്യമായ നിർദേശങ്ങൾ നൽകിവരുന്നു. ആർ.കെ.ഐയുടെ പദ്ധതി നിർവഹണം സംബന്ധിച്ച വിവരങ്ങൾ യഥാസമയം അവലോകനം ചെയ്യുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നതിനായി ഒരു സോഫ്റ്റ് വെയർ അധിഷ്ഠിത മാനേജ് മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) നിലവിലുണ്ട്. കൂടാതെ, ആർ.കെ.ഐ. പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി അതാതു നിർവഹണ |

| | | | |
|---|---|---|---|
| | | | വകുപ്പുകളിൽ വകുപ്പുതല മോണിറ്ററിങ് സമിതികൾ പ്രവർത്തിക്കുന്നു. |
| (സി) | പ്രളയവും ഉരുൾപൊട്ടലും അടക്കമുള്ള പ്രകൃതി ദുരന്തങ്ങൾ തുടർന്നും ഉണ്ടാകുന്ന സാഹചര്യത്തിൽ അവ നേരിടുന്നതിന് റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചിരിക്കുന്ന മുൻകരുതലുകൾ വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പ്രളയവും ഉരുൾപൊട്ടലും അടക്കമുള്ള പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനുള്ള മുൻകരുതലെന്ന നിലയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലുള്ള ദുരന്തനിവാരണ പ്ലാനുകളുടെ കരട് തയാറാക്കിയിട്ടുണ്ട്. പ്രളയമേഖലയിലുള്ള ഡാമുകൾ, കനാലുകൾ, നദീതടങ്ങൾ, പുഴകൾ, റെഗുലേറ്റർ കം ബ്രിഡ്ജുകൾ മുതലായവയുടെ നവീകരണത്തിനും കേടുപാടുകളും തകരാറുകളും പരിഹരിക്കുന്നതിനുമായി ജലസേചന വകുപ്പ് മുഖേന 114.22 കോടി രൂപയുടെ 99 പദ്ധതികളാണ് റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നത്. നദീതട പരിപാലന അതോറിറ്റി രൂപീകരിക്കാനുള്ള നടപടികളും പുരോഗമിക്കുന്നു. കുട്ടനാട് പ്രദേശത്തെ പ്രളയാഘാതം കുറയ്ക്കുന്നതിനായി, റൂം ഫോർ റിവർ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയാറാക്കുന്നതിന് 4.5 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ഐ.ഐ.ടി. മദ്രാസിന്റെ നേതൃത്വത്തിൽ ഹൈഡ്രോ ഡൈനാമിക് സ്റ്റഡി പുരോഗമിക്കുന്നു. കൂടാതെ, തോട്ടപ്പള്ളി പൊഴി സംരക്ഷണ പ്രവർത്തനങ്ങൾക്ക് 14.70 കോടി രൂപയുടെ പദ്ധതിക്കും തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. അതിജീവനക്ഷമതയുള്ള റോഡുകളുടെ നിർമാണമാണ് ആർ.കെ.ഐ. ഏറ്റെടുത്തിരിക്കുന്ന മറ്റൊരു സുപ്രധാന പദ്ധതി. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പുനർനിർമ്മാണത്തിനായി 5174 കോടി രൂപയുടെ പദ്ധതിക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിൽ 3966 കോടി രൂപയുടെ പദ്ധതികൾക്ക് ടെണ്ടർ ആയിട്ടുണ്ട്. ഇതിൽ 671.66 കോടി രൂപയുടെ ആലപ്പുഴ- ചങ്ങനാശേരി സെമി എലിവേറ്റഡ് ഹൈവേയുടെ പുനർനിർമാണവും ഉൾപ്പെടുന്നു. കൂടാതെ, തദ്ദേശസ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ അതിജീവനക്ഷമമായ തരത്തിൽ പുനർനിർമ്മിക്കുന്നതിനായുള്ള 515.15 കോടിയുടെ പദ്ധതിയിൽ 359.7 കോടിയുടെ റോഡുകൾ ടെണ്ടറായിട്ടുണ്ട്. ഇവയിൽ പല റോഡുകളുടെയും പ്രവൃത്തി പൂർണമായിട്ടുണ്ട്. മറ്റുള്ളവ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ലോകബാങ്കും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കും (AIIB) തുല്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഫലപ്രാപ്തി അധിഷ്ഠിത (PfR) വായ്പാ പദ്ധതിയിൽ താഴെപ്പറയുന്ന ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് |

| | | | |
|---|---|---|---|
| | | | ഊന്നൽ നൽകുന്നു. 1.രോഗവ്യാപനവും പ്രകൃതിദുരന്തങ്ങളും നേരിടാൻ തക്കവണ്ണം സംസ്ഥാനത്തിന്റെ സാമ്പത്തിക സുസ്ഥിരത ശക്തിപ്പെടുത്തുക. 2. ദുരന്തങ്ങളുമായി ബന്ധപ്പെട്ട സുരക്ഷാ യോജ്യ സംവിധാനം (അഡാപ്റ്റീവ് സേഫ്റ്റി നെറ്റ് സിസ്റ്റം ) ശക്തിപ്പെടുത്തുക. 3. ദുർബല കുടുംബങ്ങൾക്കുള്ള ദുരന്തസാധ്യതാ ധനസഹായവും ഇൻഷുറൻസ് ശേഷിയും മെച്ചപ്പെടുത്തുക. 4. തദ്ദേശ സ്ഥാപനങ്ങൾ ദുരന്തസാധ്യത പരിഗണിച്ചുള്ള മാസ്റ്റർ പ്ലാനുകളും മുൻഗണനാ പ്രവർത്തന പദ്ധതികളും വികസിപ്പിക്കുക. 5.കാലാവസ്ഥാ അപകടസാധ്യതാ വിവരങ്ങൾ തദ്ദേശ സ്ഥാപനങ്ങളുടെ ദുരന്തസാധ്യതാ ലഘൂകരണ പ്ലാനുകളുമായി സംയോജിപ്പിക്കുക. 6.പമ്പാ നദീതടത്തിനായുള്ള സംയോജിത നദീതട പരിപാലന പദ്ധതി വികസിപ്പിച്ച് നടപ്പിലാക്കുക. |

സെക്ഷൻ ഓഫീസർ